**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** **24-02-2026 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിക്കായുള്ള സർവ്വെ ലിസ്റ്റ് പരിഷ്കരിക്കുന്നതിന് ഒരു സർവ്വേ കൂടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ പുനർഗേഹം സർവ്വേ ലിസ്റ്റിൽ ഉള്ളവരും മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളവരുമായവരുടെ പുനരധിവാസം ഉറപ്പാക്കിയതിനു ശേഷം അർഹതാ പട്ടിക പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചാൽ മതിയെന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.06.2025-ന് ചേർന്ന സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. |
| (ബി) | വ്യക്തിഗത ഭവനങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതിൽ എറണാകുളം, കോഴിക്കോട് ജില്ലകളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഫലപ്രദമായി പദ്ധതി നടപ്പിലാക്കുന്നതിനായി ബദൽ മാർഗ്ഗങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പുനർഗേഹം ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും മത്സ്യത്തൊഴിലാളികൾ ആയതിനാൽ എറണാകുളം, കോഴിക്കോട് ഉൾപ്പെടെ എല്ലാ ജില്ലകളിലും തൊഴിൽപരമായും സാമൂഹികപരവുമായ കാരണങ്ങളാൽ തീരദേശത്ത് താമസിക്കാനാണ് ഗുണഭോക്താക്കളിൽ ഭൂരിപക്ഷം പേരും ഇഷ്ടപ്പെടുന്നത്. എന്നാൽ തീരദേശങ്ങളിൽ ഭവന നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തുന്നതിന് പ്രയാസ മനുഭവിക്കുന്നവർക്കും സ്വന്തമായ ഭവന നിർമ്മാണം നടത്തുവാൻ കഴിയാത്തതുമായ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവാസം നടപ്പിലാക്കുന്നു. ഇപ്രകാരം ഫിഷറീസ് വകുപ്പിന്റെ ഭൂമിയിൽ കോഴിക്കോട് ജില്ലയിൽ 80 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ നിലവിൽ 31 ഗുണഭോക്താക്കൾ മാത്രമാണ് പ്രസ്തുത ഫ്ലാറ്റുകളിലേക്ക് മാറാൻ താല്പര്യമറിയിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പൊതുവേ ഫ്ലാറ്റുകളിലേക്ക് പുനരധിവസിക്കപ്പെടുന്നതിനു ഗുണ ഭോക്താക്കളിൽ നിന്നും അനുകൂലമായ പ്രതികരണമല്ല ഉള്ളത്.<br><br>തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ പ്രത്യാശ (332), കൊല്ലം |

| | | | |
|---|---|---|---|
| | | | ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | പുനർഗേഹം പദ്ധതിയുടെ വ്യക്തിഗത ആനുകൂല്യം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (സി) | പുനർഗേഹം പദ്ധതി ഗുണഭോക്താവിന് ഭൂമിക്കും ഭവന നിർമ്മാണത്തിനുമായി പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.<br><br>പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്ക് ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. പദ്ധതിയുടെ വ്യക്തിഗത ആനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | കടൽക്ഷോഭം മൂലവും കാലാവസ്ഥാ വ്യതിയാനം കാരണവും 50 മീറ്റർ വേലിയേറ്റ പരിധിയിൽ എത്തപ്പെട്ട നിരവധി കുടുംബങ്ങൾ പല ജില്ലകളിലായി ഇനിയും പുനർഗേഹം അർഹതാ ലിസ്റ്റിൽപ്പെടാതെ നിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം (പൊഴിയൂർ), കൊല്ലം (വെടിക്കുന്ന്) എന്നീ പ്രദേശങ്ങളിൽ കടൽക്ഷോഭം മൂലം 50 മീറ്റർ വേലിയേറ്റ പരിധിയിൽ എത്തപ്പെട്ട നിരവധി കുടുംബങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ